കേരള സർക്കാർ

നമ്പർ.347/ആർബി1/2018/തസ്വഭവ

വിവരാവകാശ നിയമം 2005
തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി 06/10/2018

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ. ഗീവീസ് മർക്കോസ്,
കളങ്ങര ഹൗസ്
പാമ്പാക്കുട പി.ഒ.,
പാമ്പാക്കുട — 686 667,
എറണാകുളം.

സർ,

വിഷയം :- തസ്വഭവ - വിവരാവകാശ നിയമം 2005 - പ്രകാരം അപേക്ഷ - വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 28/09/2018 -ൽ ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 22/9/2018 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ പറയും പ്രകാരം ഓർത്തഡോക്സ് ഇന്റർനാഷണൽ ഫൗണ്ടേഷൻ കൊച്ചി എന്ന പേരിലുള്ള സൊസൈറ്റിയുടെ ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റെ നിർമ്മാണ അനുമതി സംബന്ധിച്ച് അപേക്ഷ ഈ വകുപ്പിൽ ലഭിച്ചിട്ടുള്ളതും, ടി അപേക്ഷയുടെ പകർപ്പ് റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനായി മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരത്തിന് അയച്ചു കൊടുത്തിട്ടുള്ളതുമാകുന്നു. അപേക്ഷയ്ക്ക് 2 പേജുകളാണുള്ളത്. ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിക്കുന്നതിന് പേജൊന്നിന് 2 രൂപ നിരക്കിൽ 2 പേജുകൾക്ക് 4/- രൂപ "0070-60-118-99- Receipts under the Right to Information Act, 2005 ശീർഷകത്തിൽ ഗവൺമെന്റ് ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചലാൻ ഹാജരാക്കണമെന്ന് താൽപര്യപ്പെടുന്നു.

**അപ്പീൽ അധികാരി**

ശ്രീമതി. സബിത എസ്.ഡി.
അപ്പീൽ അധികാരി & ഡെപ്യൂട്ടി സെക്രട്ടറി
തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ് I, (അഞ്ചാം നില)
തിരുവനന്തപുരം. ഫോൺ 0471 2517083

വിശ്വസ്തതയോടെ,

അനിൽ കുമാർ. ജി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& അണ്ടർ സെക്രട്ടറി
ഫോൺ 2518583

"ഭരണഭാഷ-മാതൃഭാഷ"

വിവരാവകാശ നിയമം -2005

നമ്പർ. ഇ3-11339/2018

നഗര-ഗ്രാമാസൂത്രണ വകുപ്പ്,
മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം,
രണ്ടാംനില, സ്വരാജ് ഭവൻ, നന്ദൻകോട്,
തിരുവനന്തപുരം. ഫോൺ നം: 0471-2721447,
ctpkeralam@gmail.com.
തീയതി: 06/12/2018

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
നഗരാസൂത്രക (ടെക്നിക്കൽ)
മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം,
തിരുവനന്തപുരം.

ശ്രീ.ഗീവീസ് മർക്കോസ്,
കളങ്ങര ഹൗസ്,
പാമ്പാക്കുട പി.ഒ,
പാമ്പാക്കുട - 686 667,
എറണാകുളം.

സർ,

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച്.
സൂചന:- താങ്കളുടെ 26/11/18-ലെ അപേക്ഷ.

....................

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി താഴെ ചേർക്കുന്നു.

ചോദ്യം (1) ഓർത്തഡോക്സ് ഇന്റർനാഷണൽ ഫൗണ്ടേഷൻ കൊച്ചിയുടെ 09/05/18-ൽ സർക്കാരിന് സമർപ്പിച്ച പെറ്റീഷൻ 30/05/18-ലെ ആർബി1/169/2018/തസ്വഭവ കത്ത് പ്രകാരം സർക്കാർ ഈ കാര്യാലയത്തിൽ അയച്ചുതരികയും, 10/07/18-ൽ സി1-5480/2018 നമ്പർ കത്തിലൂടെ സർക്കാരിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഒരു പേജ് മാത്രമുള്ള ആയതിന്റെ പകർപ്പ് ആവശ്യമെങ്കിൽ ഒരു പേജിന് 2/- രൂപ ഫീസിനത്തിൽ 0070-60-118-99 എന്ന ശീർഷകത്തിൽ ചെലാൻ അടച്ച് രസീത് ഹാജരാക്കുകയോ ഈ ഓഫീസിൽ അടച്ച് രസീത് നൽകുകയോ ചെയ്യേണ്ടതാണ്.

ചോദ്യം (2) അപേക്ഷയിലെ ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിനു വേണ്ടി HG Dr.Yakob Mar Iranios Metropolitan-ന്റെ പേരിലുള്ള കൾച്ചറൽ ആന്റ് സ്പിരിച്വൽ സെന്റർ നിർമാണത്തിനുള്ള അപേക്ഷ ലഭ്യമായതിൽ ഈ ഓഫീസിൽ നിന്നും അനുമതി നൽകിയിട്ടില്ല എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഷീബാറാണി.വൈ
നഗരാസൂത്രക &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
(ടെക്നിക്കൽ)

---

അപ്പീൽ അധികാരി - ഗിരിജ. കെഎസ്, മുഖ്യനഗരാസൂത്രക

അപ്പീൽ കാലാവധി - 30 ദിവസം